പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4049 16/12/2014-ൽ മറുപടിക്ക്

# കുണ്ടറ നല്ലിലയിലെ 11 കെ.വി. ലൈൻ

| ചോദ്യം<br>ശ്രീ. എം.എ.ബേബി | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുണ്ടറ നല്ലില ട്രാൻസ്ഫോർമർ ജംഗ്ഷൻ മുതൽ വായനശാല വരെയുള്ള 500 മീറ്റർ ഭാഗത്ത് 11 കെ.വി ലൈൻ താഴ്ന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ടി.ലൈൻ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ കൂടി സുരക്ഷിതമായ ഉയരത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രസ്തുത ലൈൻ നിലവിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന നിലയിൽ അപകടകരമായ അവസ്ഥയിലല്ല. |
| (ബി) ഇക്കാര്യത്തിന്മേൽ ലഭിച്ച പരാതികളിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; | (ബി) അപേക്ഷ ലഭിച്ചതിൻ പ്രകാരം പ്രസ്തുത ലൈൻ റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| (സി) ഉണ്ടെങ്കിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കാനായി നടപടികളുടെ വേഗം കൂട്ടുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ? | (സി) നിലവിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന നിലയിലല്ലെങ്കിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ നിന്നും റോഡിലേയ്ക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അധികമായി വേണ്ടി വരുന്ന തുക പരാതിക്കാരൻ അടയ്ക്കുന്ന പക്ഷം ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ